സംഘമായി കേരള വനിത സഹകരണ ഫെഡറേഷൻ (വനിതാഫെഡ്) സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു. അംഗങ്ങളുടെ ഇടയിൽ മിതവ്യയവും സഹകാരികതയും സ്വാശ്രയത്വവും പ്രോത്സാഹിപ്പിക്കുക, ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക, അംഗങ്ങൾക്ക് സ്വയം തൊഴിൽ ലഭിക്കുന്നതിന് തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുക, വിവിധ മേഖലകളിൽ ജോലി ചെയ്യുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുന്നതിനായി പരിശീലനം നൽകുക, വിവിധ ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് പരിശീലനം നൽകുക, അംഗങ്ങൾ തയ്യാറാക്കുന്ന ഉൽപന്നങ്ങളുടെ വിപണനം നടത്തുക എന്നിവയാണ് ഇത്തരം സംഘങ്ങളുടെ പ്രധാനമായിട്ടുള്ള ഉദ്ദേശ ലക്ഷ്യങ്ങൾ.

കയറുൽപ്പന്നങ്ങൾക്ക് റിബേറ്റ്

33 (5438) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. വിശ്വൻ:
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറുല്പന്നങ്ങളുടെ അഭ്യന്തര വിപണി വിപുലീകരിക്കുന്നിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേരളത്തിനു പുറത്ത് വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ;

(സി) ഓണക്കാലത്ത് കയറുല്പന്നങ്ങളുടെ വിപണി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കയറുല്പ്പന്നങ്ങൽക്ക് റിബേറ്റ് അനുവദിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആവിഷ്ക്കരിച്ചിട്ടുണ്ട്.

♦ കയർഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റേയും ഫോംമാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറഡിന്റേയും ഉൽപന്നങ്ങൾ സംസ്ഥാനത്തുള്ള പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ വിറ്റഴിച്ചുവരുന്നു. ഒരു പഞ്ചായത്തിൽ ഒരു കയർ വിൽപനകേന്ദ്രമെങ്കിലും എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

♦ ആകർഷകമായ ഷോറൂമുകൾ എന്നതിലേക്കായി മേൽ മൂന്ന് സ്ഥാപനങ്ങളുടേയും തെരഞ്ഞെടുക്കപ്പെട്ട വില്പനശാലകൾ കയർ ഷോപ്പുകളാക്കി ഉപഭോക്താക്കളെ ആകർഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രധാന നഗരങ്ങളിൽ മെട്രോ ഫെയറുകളും ബയർ-സെല്ലർ മീറ്റും നടത്തി വരുന്നു.

(ബി) ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഡി) റിബേറ്റ് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയാണ് നടപ്പിലാക്കിയിരുന്നത്. ഈ സ്കീം കേന്ദ്ര സർക്കാർ നിർത്തലാക്കി. ഇത് പുനഃസ്ഥാപിക്കണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിട്ടും കേന്ദ്ര സർക്കാർ അനുകൂല തീരുമാനം എടുത്തിട്ടില്ല. സംസ്ഥാന സർക്കാർ കയർ പൊതു മേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും ഉൽപാദന മൂല്യത്തിന്റെ 10% തുക Production & Marketing Incentive ആയും 50% കേന്ദ്ര സഹായത്തോടെ 10% MDA നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ റിബേറ്റ് പദ്ധതി നടപ്പിലാക്കുന്നില്ല എന്നാൽ ഉത്സവ കാലയളവുകളിലും ഫെസ്റ്റുകളിലും കയർഫെഡ്, 10% മുതൽ 30% വരെ ഡിസ്കൗണ്ട് സ്വന്തം നിലയിൽ അനുവദിച്ചു വരുന്നുണ്ട്.

കയർമേഖലയുമായി ബന്ധപ്പെട്ട ഗവേഷണവും വികസനവും

34 (5439) ശ്രീ. എം. എ. വാഹിദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വ്യവസായ വികസനത്തിനും ഗവേഷണത്തിനുമായി തിരുവനന്തപുരത്ത് സ്ഥാപിച്ച ദേശീയ കയർ ഗവേഷണ വികസന ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളുമായി സഹകരിച്ചു കൊണ്ടാണ് ഇവിടെ ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത് ;

(സി) കയർ മേഖലയുമായി ബന്ധപ്പെട്ട പുതിയ കോഴ്സുകൾക്കും പരിശീലന പരിപാടികൾക്കും ഇവിടെ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ വകുപ്പുകളുമായി സഹകരിച്ച് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. IIST, CCRI മുതലായ സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കയർ മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ എൻ. സി.ആർ.എം.ഐ.യിൽ ആരംഭിച്ചിട്ടുണ്ട്. ഏകദേശം എൺപത് പേർക്ക് ഇരിക്കാവുന്ന ഒരു സെമിനാർ ഹാളും കൂടാതെ അറുപത് പേർക്കും